റിട്ടയർമെന്റ് ആനുകൂല്യങ്ങൾ ലഭിക്കുന്നതിൽ കാലതാമസം

19 (2948)ശ്രീ. കെ. ബാബു :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. കെ.സി. ജോസഫ് :
ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസിൽ നിന്നും വിരമിക്കുന്നവർക്ക് റിട്ടയർമെന്റ് ആനുകൂല്യങ്ങൾ ലഭിക്കുന്നതിൽ വളരെ കാലതാമസം വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം മറ്റ് യാതൊരു വരുമാനവുമില്ലാത്ത പെൻഷൻകാർ വളരെയധികം ദുരിതമനുഭവിക്കേണ്ടി വരുന്നുവെന്ന് അറിവുണ്ടോ;

(സി) ഇപ്പോൾ സർവ്വീസിൽ നിന്ന് വിരമിക്കുന്നതിന് എത്ര നാൾ മുൻപ് പെൻഷന് അപേക്ഷിക്കാൻ നിയമം അനുശാസിക്കുന്നു എന്ന് വ്യക്തമാക്കാമോ;

(ഡി) വിരമിക്കുന്നതിന് രണ്ട് വർഷം മുൻപെങ്കിലും പെൻഷൻ ഫയൽ തുറക്കണമെന്ന ഡോ. ഉമാ അഗർവാൾ കേസ്സിൽ ഉണ്ടായ സുപ്രീം കോടതിയുടെ നിർദ്ദേശം (ഡോ. ഉമാ അഗർവാൾ കേസ്, ഉത്തർപ്രദേശ്) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇതനുസരിച്ച് ആവശ്യമായ ഉത്തരിവിറക്കൽ നടപടി സ്വീകരിക്കുമോ;

(എഫ്) പെൻഷൻ താമസിക്കുന്നതിന് അനുസരിച്ച് ഇപ്പോൾ പെൻഷന് പലിശ നൽകുന്നുണ്ടോ;

(ജി) എങ്കിൽ എത്ര ശതമാനം നിരക്കിൽ എന്നു മുതൽ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉപചോദ്യം 'എ' യുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(സി) കെ.എസ്.ആർ. പാർട്ട്-3, റൂൾ 110 അനുസരിച്ച് ഒരു കൊല്ലം മുൻപെങ്കിലും പെൻഷൻ ബുക്ക് വകുപ്പദ്ധ്യക്ഷൻ അക്കൗണ്ടന്റ് ജനറലിന് അയക്കണമെന്നാണ് നിയമം അനുശാസിക്കുന്നത്.

(ഡി) ഉണ്ട്.

(ഇ) പരിശോധിച്ചു വരുന്നു.

(എഫ്) ഇല്ല.

(ജി) ചോദ്യം 'എഫ്' ലെ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly